ബഹുമാനപ്പെട്ട മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) തെരുവ് നായ്ക്കൾ സൃഷ്ടിക്കുന്ന ഭീഷണികൾ നേരിടുന്നതിലേക്കായി വിവിധ വകുപ്പുകൾ ഏകോപിച്ച് പ്രവർത്തിക്കുന്നുണ്ട്. തെരുവ് നായ്ക്കളുടെ നിയന്ത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടിട്ടുണ്ട്. നായ്ക്കളുടെ കടിയേറ്റ് വരുന്നവർക്കുള്ള ചികിത്സാസൗകര്യങ്ങൾ ആശുപത്രികളിൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. പേവിഷബാധക്കെതിരെ മരുന്നുകൾ, ആന്റി റാബീസ് വാക്സിൻ തുടങ്ങിയവ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. പേവിഷബാധ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ ആരോഗ്യവകുപ്പ് നടത്തുന്നുണ്ട്.

(ബി) തെരുവ് നായ്ക്കളുടെ നിയന്ത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ പൂർണ്ണമായും വിജയപ്രദമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ കെ.എസ്.യു.ഡി.പി.-യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന എ.ബി.സി.-എ.ആർ. പദ്ധതി ഫലപ്രദമായിട്ടുണ്ട്. സമാനമായ പദ്ധതി കൊല്ലം ജില്ലയിൽ നടപ്പാക്കാൻ ജില്ലാ കളക്ടർ ശിപാർശ നൽകിയിട്ടുണ്ട്. ജനന നിയന്ത്രണത്തിന് ഓറൽ മെഡിസിൻ പ്രയോഗിക്കണമോ എന്നത് മൃഗസംരക്ഷണ വകുപ്പ് പരിശോധിച്ചുവരികയാണ്. ആക്രമണത്തിന് ഇരയാകുന്നവർക്ക് വേണ്ട ആന്റി റാബീസ് വാക്സിൻ സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്.

(സി) തെരുവ് നായ്ക്കളുടെ ആക്രമണം ഒരു അസാധാരണ ദുരന്തമായി പരിഗണിക്കാൻ നിലവിലെ വ്യവസ്ഥകൾ അനുവദിക്കുന്നില്ല. എന്നാൽ നായ്ക്കളുടെ ആക്രമണംമൂലം പരുക്കേൽക്കുന്നവർക്ക് സഹായവും ചികത്സയും നൽകുന്നതിന് സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. നിലവിൽ തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാണ്.

ദേശീയ ഗെയിംസിലെ അധികച്ചെലവ്

12 (*11) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ദേശീയ ഗെയിംസിന്റെ ഒരുക്കങ്ങൾ വൈകിയതിനാൽ അധിക ചെലവ് ഉണ്ടാക്കിയെന്ന ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഗെയിംസിൽ കായിക താരങ്ങൾ ഉപയോഗിച്ച സ്പോർട്സ് ഉപകരണങ്ങൾക്ക് അവയുടെ യഥാർത്ഥ വിലയേക്കാൾ കൂടുതൽ വാടക നൽകി എന്നാണ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഗെയിംസിനായി സ്പോർട്സ് ഉപകരണങ്ങൾ വാടകയ്ക്ക് വാങ്ങാനിടയായ കാരണങ്ങൾ വ്യക്തമാക്കാമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) മൂന്നിയഞ്ചാമത് ദേശീയ ഗെയിംസിന്റെ 15-3-2008 മുതൽ 31-3-2015 വരെയുള്ള വരവ്-ചെലവ് കണക്കുകളിന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി&സി) കായിക താരങ്ങൾ മത്സരങ്ങൾക്കായി ഉപയോഗിക്കുന്ന സ്പോർട്സ് ഉപകരണങ്ങൾ വിലയ്ക്കുവാങ്ങുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ അന്തർദേശീയ/ദേശീയ ടെൻഡറുകൾ ക്ഷണിച്ചിട്ടും ലഭിക്കാതിരുന്ന അപൂർവ്വം ചില കായിക ഉപകരണങ്ങൾ നാഷണൽ ഗെയിംസിന്റെ നടത്തിപ്പിനായി ബന്ധപ്പെട്ട നാഷണൽ ഫെഡറേഷൻ/സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരം സൗജന്യമായി ലഭ്യമാക്കിയിരുന്നു (കബഡിമാറ്റ്, ചില അത്‌ലറ്റിക്സ് ഉപകരണങ്ങൾ മുതലായവ). വാടക നൽകി ഉപകരണങ്ങളൊന്നും ഉപയോഗപ്പെടുത്തിയിട്ടില്ല

മോട്ടോർ വാഹനങ്ങളിലെ ഹോണിന്റെ ശബ്ദപരിധി

13 (*12) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മോട്ടോർ വാഹനങ്ങളിലെ ഹോണിന്റെ ശബ്ദപരിധി പരിശോധിക്കാൻ മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ;

(ബി) ശബ്ദപരിധി ലംഘിക്കുന്ന വാഹനങ്ങളെക്കുറിച്ച് പൊതുജനങ്ങൾ നൽകുന്ന പരാതി സ്വീകരിച്ച്, ആ വാഹനത്തിലെ ഹോണിന്റെ ശബ്ദപരിധി പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിയ്ക്കുന്നതിനും പരാതിക്കാരന് സമയബന്ധിതമായ മറുപടി നൽകുന്നതിനുള്ള സംവിധാനം ഓരോ ജില്ലയിലും മോട്ടോർ വാഹന വകുപ്പിന് കീഴിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly